പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3074** 15/02/2013 ൽ മറുപടിയ്ക്ക്

## 'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) അക്ഷയ സെന്ററുകൾ വഴി വില്ലേജ് ഓഫീസുകൾ മുഖേന ലഭിക്കുന്ന വിവിധതരം സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്ന 'ഇ-ഡിസ്ട്രിക്റ്റ്' പദ്ധതി നിലവിൽ ഏതൊക്കെ ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്; | (എ) കണ്ണൂർ, പാലക്കാട്, മലപ്പുറം, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഈ പദ്ധതി എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) *കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ണൂർ, പാലക്കാട് എന്നീ രണ്ട് ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച* പദ്ധതി *നിലവിൽ* മലപ്പുറം, കോട്ടയം, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിൽക്കൂടി നടപ്പിലാക്കിയിട്ടുണ്ട്. ടി ജില്ലകളിൽ വിജയകരമായി നടന്നുവരുന്ന *ഈ പദ്ധതി* മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട ഏതൊക്കെ സർട്ടിഫിക്കറ്റുകളാണ് പ്രസ്തുതപദ്ധതി മുഖേന അക്ഷയ സെന്ററുകൾ വഴി ലഭ്യമാകുക; വിശദാംശം ലഭ്യമാക്കുമോ? | (സി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ 'ഇ - ഡിസ്ട്രിക്റ്റ്' പദ്ധതി *മുഖേന* അക്ഷയ സെന്ററുകൾ വഴി നൽകി വരുന്നു. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### റവന്യൂ വകുപ്പിൽ നിന്നും ഓൺലൈൻ വഴി ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ

| നമ്പർ | സർട്ടിഫിക്കറ്റ് |
|---|---|
| 1 | ജാതി സർട്ടിഫിക്കറ്റ് |
| 2 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് |
| 3 | തിരിച്ചറിയൽ സർട്ടിഫിക്കറ്റ് |
| 4 | റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ് |
| 5 | നേറ്റിവിറ്റി സർട്ടിഫിക്കറ്റ് |
| 6 | പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ് |
| 7 | സോൾവൻസി സർട്ടിഫിക്കറ്റ് |
| 8 | ലൊക്കേഷൻ സർട്ടിഫിക്കറ്റ് |
| 9 | ഡൊമിസിൽ സർട്ടിഫിക്കറ്റ് |
| 10 | വരുമാന സർട്ടിഫിക്കറ്റ് |
| 11 | കൈവശാവകാശ സർട്ടിഫിക്കറ്റ് |
| 12 | കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് |
| 13 | കൈവശാവകാശവും നോൺ അറ്റാച്ച്മെന്റും സർട്ടിഫിക്കറ്റ് |
| 14 | മിശ്രവിവാഹ സർട്ടിഫിക്കററ് |
| 15 | ലൈഫ് സർട്ടിഫിക്കറ്റ് |
| 16 | വാല്യുവേഷൻ സർട്ടിഫിക്കറ്റ് |
| 17 | വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ് |
| 18 | ഒരേ വ്യക്തിയാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് |
| 19 | മത/ ജാതി പരിവർത്തന സർട്ടിഫിക്കറ്റ് |
| 20 | അഗതി സർട്ടിഫിക്കറ്റ് |
| 21 | കുടുംബാംഗത്വ സർട്ടിഫിക്കറ്റ് |
| 22 | ആശ്രിതനെന്ന സർട്ടിഫിക്കറ്റ് |
| 23 | പുനർവിവാഹം നടത്തിയിട്ടില്ലെന്ന സർട്ടിഫിക്കറ്റ് |